**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 492** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജിക്ക ധനസഹായത്തോടു കൂടി നടപ്പിലാക്കിയ 5 ശുദ്ധജല വിതരണ പദ്ധതികളിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു. മീനാട്, കോഴിക്കോട് പദ്ധതിയുടെ നിർദ്ദിഷ്ട 2801 കിലോമീറ്റർ വിതരണ ശൃംഖലയിൽ (മീനാട്- 939 കി.മീ, കോഴിക്കോട് - 1862 കി.മീ), 2415 കിലോമീറ്റർ (മീനാട്- 905 കി.മീ, കോഴിക്കോട്- 1510 കി.മീ) വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ മീനാട് വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷനിലും നിലവിൽ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പറവൂർ മുനിസിപ്പാലിറ്റിയിലെ പൈപ്പ് ലൈനുകൾ ചാത്തന്നൂർ കുടിവെള്ള പദ്ധതിയിൽ ഉള്ള KIIFB-യിൽ ഉൾപ്പെടുത്തിയും 2022 ഡിസംബറിനകം പൂർത്തീ കരിക്കാനാകുന്നതാണ് .  കോഴിക്കോട് ഗ്രാമീണ മേഖലയിലെ ബാക്കിയുള്ള 196 കിലോമീറ്ററിൽ 96 കിലോമീറ്റർ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021 ഡിസംബറിനകം പൂർത്തിയാക്കുന്നതാണ്. ബാക്കിയുള്ള 100 കിലോമീറ്റർ പൈപ്പിടുന്ന പ്രവൃത്തികൾ ഈ വർഷത്തെ SLSSC-യിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ഗ്രാമീണ മേഖലയിലെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ അർബൻ ജല ജീവൻ മിഷൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി വിജയകരമെങ്കിൽ ഇത്തരം പദ്ധതികൾ കൂടുതലായി നടപ്പാക്കുന്ന കാര്യം | (ബി) | 2036-ൽ 41 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ജിക്ക പദ്ധതി വിഭാവനം |

| | | | |
|---|---|---|---|
| | പരിഗണിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | | ചെയ്തിട്ടുള്ളത്. ഇതിന്റെ മുടക്കുമുതൽ താഴെ ചേർക്കുന്നു. തിരുവനന്തപുരം- 358.49 കോടി മീനാട് - 261.42 കോടി ചേർത്തല- 434.63 കോടി കോഴിക്കോട്- 728.07 കോടി പട്ടുവം- 339.13 കോടി പ്രസ്തുത പദ്ധതികളിൽ 3 പദ്ധതികൾ പൂർണമായും 2 പദ്ധതികളുടെ 90% ഘടകങ്ങളും പ്രവർത്തന സജ്ജമായതിനാൽ പദ്ധതി വിജയകരമാണ്. ടി പദ്ധതികളുടെ 2020-21 ലെ പ്രതിവർഷ വരുമാനം 63.74 കോടി രൂപയാണ്. ധന ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ